ഉത്തരം

(എ) ഭവനനിർമ്മാണത്തിനുള്ള ധനസഹായം 35,000 രൂപയിൽ നിന്ന് 40,000 രൂപയായി വർദ്ധിപ്പിച്ചത് 2001-2002 സാമ്പത്തിക വർഷത്തിലാണ്. ആയതിനാൽ വീണ്ടും ഒരു വർദ്ധന ഉടനെ നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ട്. ഭവനങ്ങളുടെ അറ്റകുറ്റപ്പണിക്കും കക്കൂസുകൾ നിർമ്മിക്കുന്നതിനും തീരസമൃദ്ധി പദ്ധതി പ്രകാരം 2002-2003 വർഷത്തിൽ 20,000 രൂപ സാമ്പത്തിക സഹായമായി നൽകിയിരുന്നു. ഈ പദ്ധതി പ്രസ്തുത വർഷത്തേയ്ക്കു മാത്രമുള്ള കേന്ദ്ര സഹായ പദ്ധതിയായിരുന്നു. ആയതിനാൽ ആനുകൂല്യം വർദ്ധിപ്പിക്കുന്ന കാര്യം ഉദിക്കുന്നില്ല.

(ബി) സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് നൽകുന്ന ലംപ്സംഗ്രാന്റ്

110 [273] ശ്രീ. ജോണി നെല്ലൂർ:
,, എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പഠനത്തിനു നൽകുന്ന ലംപ്സംഗ്രാന്റ് മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) അദ്ധ്യയന വർഷാരംഭത്തിൽ തന്നെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ വർഷം മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് ഇനത്തിൽ എത്ര രൂപ നൽകി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുടങ്ങിക്കിടക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 250 ലക്ഷം രൂപ ജില്ലാ ആഫീസുകൾക്ക് അനുവദിച്ചു നൽകുകയും ആയത് അടിയന്തിരമായി വിതരണം ചെയ്യുവാൻ ജില്ലാ ആഫീസർമാർക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) ലംപ്സംഗ്രാന്റ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾക്കായി 445 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly